# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5857** 25.05.2017-ൽ **മറുപടിക്ക്**

ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ

| | ചോദ്യം<br>ശ്രീ. **ഡി.കെ. മുരളി** : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് എൽ. ഇ. ഡി. ബൾബുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് ,ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഇൻകാന്റസെന്റ്, സി. എഫ്. എൽ മുതലായ ഊർജ്ജക്ഷമത കുറഞ്ഞവ മാറ്റി ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി EESL (Energy Efficiency Services Limited) എന്ന പൊതു മേഖലാ സ്ഥാപനവുമായി സഹകരിച്ച് DELP (Domestic Efficient Lighting Programme) എന്ന പദ്ധതിയിലൂടെ എൽ.ഇ.ഡി. ബൾബുകൾ സൗജന്യ നിരക്കിൽ നൽകി വരികയാണ്. ഓരോ ഉപഭോക്താവിനും രണ്ട് എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാകുന്ന പദ്ധതിയിൽ ഇതുവരെ ഒരു കോടിയോളം ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഇതുവഴി 250 മെഗാവാട്ടിന്റെ ഉപഭോഗക്കുറവും പ്രതിവർഷം 900 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭവും പ്രതീക്ഷിക്കുന്നു. മൊത്തം ഒന്നരക്കോടി ബൾബുകൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ